"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസ വകുപ്പ് - കോഴിക്കോട് റഹ്മാനിയ സ്കൂൾ ഫോർ ഹാൻഡിക്യാപ്ഡിലെ സഹാധ്യാപകരായ ശ്രീ. പി.ടി. മുഹമ്മദാലി, ശ്രീമതി.സി.കെ.സാലിഹ ബീവി, ശ്രീ. അൻവറലി പാറ എന്നിവരെ 29.03.2012 ലെ സ.ഉ(കൈ)നം.102/12/പൊ.വി.വ പ്രകാരമുള്ള റിട്രഞ്ചഡ് അദ്ധ്യാപക ലിസ്റ്റിൽ നിന്നും നീക്കം ചെയ്തു -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ(ജെ)വകുപ്പ്**

സ.ഉ.(കൈ) നം.137/2022/GEDN  തീയതി,തിരുവനന്തപുരം, 09-08-2022

---

പരാമർശം:-

1. 01.10.2011 ലെ സ.ഉ (എം.എസ്) 199/11/പൊ.വി.വ.
2. 29.03.2012 -ലെ സ.ഉ(കൈ)നം.102/12/പൊ.വി.വ.
3. 29.01.2016-ലെ സ.ഉ. (പി) നമ്പർ 29/2016/പൊ.വി.വ
4. 22.02.2021 ന് ശ്രീ. പി.ടി. മുഹമ്മദാലി, ശ്രീമതി.സി.കെ.സാലിഹ ബീവി, ശ്രീ. അൻവറലി പാറ എന്നിവർ കോഴിക്കോട് റഹ്മാനിയ വികലാംഗ വിദ്യാലയത്തിലെ പ്രധാനാധ്യാപിക മുഖാന്തിരം പൊതു വിദ്യാഭ്യാസ സെക്രട്ടറി സമക്ഷം സമർപ്പിച്ച നിവേദനം
5. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 20.10.2021 ലെ എം.5/243341/21/ഡി.ജി.ഇ നമ്പർ കത്ത്

കോഴിക്കോട് റഹ്മാനിയ വികലാംഗ വിദ്യാലയത്തിൽ ബധിര വിഭാഗത്തിൽ 05.06.2000 മുതൽ അസിസ്റ്റന്റ് ടീച്ചറായിരുന്ന ശ്രീ. പി.ടി. മുഹമ്മദാലിയുടെ തസ്തിക 2009-10 വർഷത്തെ തസ്തിക നിർണ്ണയത്തിൽ നഷ്ടപ്പെടുകയും 15.07.2009 മുതൽ ബ്ലൈൻഡ് വിഭാഗത്തിൽ നിലവിലുണ്ടായിരുന്ന ഒഴിവിലേക്ക് ടിയാളെ മാറ്റി നിയമിക്കുകയും ആയതിന് അംഗീകാരം ലഭിക്കുകയും ചെയ്തിരുന്നു. 2010-11 വർഷത്തിലും തസ്തികയില്ലാത്തതിനെ തുടർന്ന് ബ്ലൈൻഡ് വിഭാഗത്തിലേയ്ക്ക് മാറ്റി നിയമിച്ചിരുന്നെങ്കിലും പ്രസ്തുത ലാവണം മാറ്റിയ നടപടി കോഴിക്കോട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിക്കുന്നതിൽ കാലതാമസം നേരിട്ടതിനാൽ ടിയാനെ പരാമർശം 1 ലെ പാക്കേജിന്റെ ഭാഗമായി തസ്തിക നഷ്ടപ്പെട്ട് പുറത്ത് പോയ അധ്യാപകരെ ഉൾപ്പെടുത്തിയ പരാമർശം 2 ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള റിട്രഞ്ച്ഡ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്നു.

പിന്നീട് ലാവണം മാറ്റിയ നടപടി 2013-ൽ കോഴിക്കോട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചു.

സമാന രീതിയിൽ അതേ സ്കൂളിൽ ബധിര വിഭാഗത്തിൽ 01.06.1999 മുതൽ അസിസ്റ്റന്റ് ടീച്ചറായ ശ്രീമതി.സാലിഹാ ബീവി.സി.കെ യുടെ തസ്തിക 2010-11 വർഷത്തെ തസ്തിക നിർണ്ണയത്തിൽ നഷ്ടപ്പെടുകയും 15.07.2010 മുതൽ ബ്ലൈൻഡ് വിഭാഗത്തിൽ നിലവിലുണ്ടായിരുന്ന ഒഴിവിലേയ്ക്ക് ടി അധ്യാപികയെ മാറ്റി നിയമിക്കുകയും ചെയ്തിരുന്നുവെങ്കിലും ലാവണം മാറ്റിയ നടപടിക്ക് കോഴിക്കോട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകാരം നൽകുന്നതിൽ കാലതാമസം നേരിട്ടതിനാൽ ടിയാളെയും പരാമർശം 1 പാക്കേജിന്റെ ഭാഗമായി തസ്തിക നഷ്ടപ്പെട്ട് പുറത്ത് പോയ അധ്യാപകരെ ഉൾപ്പെടുത്തിയ പരാമർശം 2 ഉത്തരവിന്റെ അടിസ്ഥാനത്തിൽ റിട്രഞ്ച്ഡ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്നു.

കോഴിക്കോട് റഹ്മാനിയ വികലാംഗ വിദ്യാലയത്തിൽ 01.06.1999 മുതൽ അസിസ്റ്റന്റ് ടീച്ചറായിരുന്ന ശ്രീ.അൻവറലി പാറയുടെ തസ്തിക 2010-11 വർഷത്തെ തസ്തിക നിർണ്ണയത്തിൽ നഷ്ടപ്പെടുകയും 15.07.2010 മുതൽ ശ്രീ.മുഹമ്മദ് ഇസ്മയിലിനെ സർവ്വീസിൽ നിന്നും 19.02.1992 മുതൽ പ്രാബല്യത്തിൽ നീക്കം ചെയ്ത ഒഴിവിലേക്ക് ടിയാളെ മാറ്റി നിയമിക്കുകയും ചെയ്തിരുന്നുവെങ്കിലും മേൽ നടപടിക്ക് അംഗീകാരം ലഭിക്കാൻ കാലതാമസം നേരിട്ടതു മൂലം ടിയാനും റിട്രഞ്ച്ഡ് ലിസ്റ്റിൽ ഉൾപ്പെട്ടു.

തങ്ങളുടെ സേവന ഭംഗം ഇല്ലാതായത് പരിഗണിച്ച് സർവ്വീസ് ക്രമീകരണം നൽകണമെന്നാവശ്യപ്പെട്ട് ശ്രീ.പി.ടി.മുഹമ്മദാലി, ശ്രീമതി സാലിഹ ബീവി, ശ്രീ.അൻവറലി പാറ എന്നിവർ കോഴിക്കോട് റഹ്മാനിയ വികലാംഗ വിദ്യാലയത്തിലെ പ്രധാനാധ്യാപിക മുഖാന്തിരം പരാമർശം 4 പ്രകാരം പൊതു വിദ്യാഭ്യാസ സെക്രട്ടറിക്ക് നിവേദനം സമർപ്പിച്ചിരുന്നു.

ശ്രീ.പി.ടി.മുഹമ്മദാലി, ശ്രീമതി സാലിഹ ബീവി, ശ്രീ.അൻവറലി പാറ എന്നിവർ 31.03.2011 ൽ റഗുലർ സർവ്വീസിൽ ഉള്ളതായി കണക്കാക്കാവുന്നതാണെന്നും നടപടികളിലുള്ള കാലതാമസം മൂലമാണ് മേൽ അധ്യാപകർ റിട്രഞ്ച്ഡ് ലിസ്റ്റിൽ ഉൾപ്പെട്ടതെന്നും 31.03.2011 ൽ റഗുലർ സർവ്വീസിൽ ഉണ്ടായിരുന്നതിനാൽ അവർക്ക് പരാമർശം 3 പ്രകാരമുള്ള സംരക്ഷണാനുകൂല്യത്തിന് അർഹതയുണ്ടെന്നും പരാമർശം 5 പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.പി.ടി.മുഹമ്മദാലി, ശ്രീമതി സാലിഹ

ബീവി, ശ്രീ.അൻവറലി പാറ എന്നിവരെ, 31.03.2011ൽ റഗുലർ സർവ്വീസിലുണ്ടായിരുന്നതിനാൽ, പരാമർശം 2 പ്രകാരമുള്ള റിട്രഞ്ചഡ് അദ്ധ്യാപക ലിസ്റ്റിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മീനാംബിക എം.ഐ

ജോയിന്റ് സെക്രട്ടറി

ശ്രീ.പി.ടി.മൊഹമ്മദാലി
ശ്രീമതി സാലിഹാബീവി
ശ്രീ.അൻവർഅലി പാറ എന്നിവർക്ക് (കോഴിക്കോട് റഹ്മാനിയ വികലാംഗ വിദ്യാലയം പ്രധാനാധ്യാപിക മുഖേന )
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കോഴിക്കോട് (പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന )
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്),കേരളം, തിരുവനന്തപുരം
പൊതു വിദ്യാഭ്യാസ(ആർ) വകുപ്പ് (GEDN-R2/99/2021-G.EDN ഫയലിലേക്ക്)
സി.ഇ.ഒ, കൈറ്റ്, തിരുവനന്തപുരം
പബ്ലിക് റിലേഷൻസ്(വെബ്&ന്യൂ മീഡിയ) വകുപ്പ്(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

**Signed by N.k. Sheena**
**Date: 10-08-2022 10:59:45**

സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു.പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതു വിദ്യാഭ്യാസ വകുപ്പ്പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
പൊതു വിദ്യാഭ്യാസ (ജെ) വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എയ്ക്ക്